## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റം - 2021 - ഫോറൻസിക് മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർക്ക് പൊതു സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 21-10-2021 തീയ്യതിയിലെ Special Cell (GT)/865/2021/DME നം. വിജ്ഞാപനം.

2. 05-01-2022 തീയ്യതിയിലെ ഫോറൻസിക് മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലെ പൊതു സ്ഥലം മാറ്റത്തിന്റെ കരട് പട്ടിക.
3. 12-01-2022 ലെ ഡോ. അനൂപ് കെ തങ്കപ്പന്റെ പരാതി.
4. 11-01-2022 ലെ ഡോ. എസ് കൃഷ്ണകുമാറിന്റെ പരാതി.
5. 22/02/2022 തീയ്യതിയിലെ ഫോറൻസിക് മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലെ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ പട്ടിക.

### ഉത്തരവ് നമ്പർ. ജി3/5354/2021/മെ.വി.വ തീയതി: 22/02/2022

പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, 2021 വർഷത്തെ പൊതു സ്ഥലം മാറ്റത്തിനായി ഫോറൻസിക് മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലെ അദ്ധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ പ്രകാരം, സ്ഥലം മാറ്റത്തിന് അർഹരായവരുടെ കരട് സ്ഥലം മാറ്റ പട്ടിക പരാമർശം 2 പ്രകാരം പ്രസിദ്ധീകരിച്ചു. ടി കരട് പട്ടിക സംബന്ധിച്ച് പരാമർശം 3, 4 പ്രകാരം ലഭ്യമായ പരാതി, പരാതി പരിശോധിയ്ക്കുന്നതിനായി രൂപീകരിച്ച കമ്മറ്റി പരിശോധിച്ച്, ആയതിൽ നിലവിലെ പൊതു സ്ഥലം മാറ്റ ചട്ടങ്ങൾ പ്രകാരം നിലനിൽക്കുന്ന പരാതികൾ ഇല്ലാത്തതിനാൽ, പരാമർശം 5 പ്രകാരം അന്തിമ സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീകരിച്ചു ആയത് അനുബന്ധമായി ചേർക്കുന്നു.

അന്തിമ പട്ടികയുടെ അടിസ്ഥാനത്തിൽ, ഫോറൻസിക് മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലെ അദ്ധ്യാപകരുടെ 2021 വർഷത്തെ പൊതു സ്ഥലം മാറ്റം ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | നിലവിൽ ജോലി നോക്കുന്ന മെഡിക്കൽ കോളേജ് | സ്ഥലം മാറ്റി നിയമിച്ച മെഡിക്കൽ കോളേജ് | അഭിപ്രായം |
|---|---|---|---|
| ഡോ അജേഷ് പി പി | കോന്നി | കോഴിക്കോട് | |
| ഡോ. കൃഷ്ണകുമാർ എസ് | കോഴിക്കോട് | കോന്നി | |

| | | | |
|---|---|---|---|
| ഡോ. അനൂപ് കെ തങ്കപ്പൻ | ആലപ്പുഴ | എറണാകുളം | |

അതാത് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ ഈ ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാരെ സമയ ബന്ധിതമായി അറിയിക്കേണ്ടതും, ടി ജീവനക്കാരുടെ വിടുതൽ / ജോലിയിൽ പ്രവേശിക്കൽ ഉത്തരവുകൾ സമയ ബന്ധിതമായി പുറപ്പെടുവിക്കേണ്ടതുമാണ്. ആയത് ഈ കാര്യാലയത്തിൽ കൃത്യമായി അറിയിക്കേണ്ടതാണ്.

Signature valid
Digitally signed by Remla Beevi A
Date: 2022.02.22 17:30:03 IST
Reason: Approved

ഡയറക്ടർ
DR REMLA BEEVI.A
DIRECTOR

സ്വീകർത്താവ് :- 1. ബന്ധപ്പെട്ട ഡോക്ടർമാർക്ക് (അതാത് പ്രിൻസിപ്പൽ മുഖേന).
2. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം/കോഴിക്കോട്/കോന്നി/ആലപ്പുഴ.

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. വെബ് സൈറ്റ് & നോട്ടീസ് ബോർഡ്.
3. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.